**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2602 14.02.2013-ൽ മറുപടിക്ക്**

**അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് പി.എസ്.സി. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതിനകം നിയമനം ലഭിച്ചവരെത്ര; റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരെത്ര; ലിസ്റ്റിന്റെ കാലാവധി തീരുന്നത് എപ്പോൾ; | (എ) ഉണ്ട്. 1809 പേർക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ 129 ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നുണ്ട്. ലിസ്റ്റിന്റെ കാലാവധി 2014 ജനവരിയിൽ തീരും. |
| (ബി) ഇതേ തസ്തികയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി. നടപടി സ്വീകരിച്ചതായി അറിയാമോ; | ബി) അറിയാം. |
| (സി) നിലവിലുള്ള ലിസ്റ്റിൽ ഡോക്ടർമാർ അവശേഷിക്കവെ, അവരെ നിയമിക്കാൻ നടപടി സ്വീകരിക്കാതെ പി.എസ്.സി. ധൃതിപിടിച്ച് പുതിയ ലിസ്റ്റ് തയ്യാറാക്കുന്നത് എന്തുകൊണ്ടാണ്; പ്രസ്തുത നടപടി സർക്കാരിന്റെ അറിവോടുകൂടിയാണോ; | സി) ലിസ്റ്റിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എമർജൻസി റിക്രൂട്ട്മെന്റ് നടപടികൾ സർക്കാർ അനുമതിയോടെ പി.എസ്.സി നടപ്പിലാക്കി വരുന്നു. |
| (ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരെയെല്ലാം നിയമിച്ചതിനുശേഷം, പുതിയ ലിസ്റ്റ് പരിഗണിച്ചാൽ മതിയാകുമെന്നകാര്യം പരിശോധിക്കുമോ? | ഡി) പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ